**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - റിട്ട. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ശോഭന.എം - ഫയൽ ചെയ്ത OA(EKM) 1211/18 നമ്പർ ഹർജിയിൻമേലുള്ള - ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് - നടപ്പാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 799/2021/തസ്വഭവ. തിരുവനന്തപുരം, തീയതി. 27/03/2021.**

പരാമർശം:-
1. ചാലക്കുടി നഗരസഭ സെക്രട്ടറിയുടെ 02/07/2019 ലെ A2/so 5090/18 നമ്പർ കത്ത്.
2. റിട്ട. ഹെഡ്മിസ്ട്രസ്സ് ശ്രീമതി.ശോഭന.എം 13/07/2019 ൽ സർക്കാരിനു സമർപ്പിച്ച നിവേദനം
3. നഗരകാര്യ ഡയറക്ടറുടെ 01/10/2019 ലെ എഫ്2/17872/19 നമ്പർ കത്ത്.
4. കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 17/02/2020, 15/10/2020 ലെ ഡി.കെ.എസ്.എ/3253/2019/എം.എൽ3 നമ്പർ കത്തുകൾ.
5. 16/10/2018 തീയതിയായി ചാലക്കുടി നഗരസഭ അനുവദിച്ച A2-5090/18 നമ്പർ ബാധ്യതാ സാക്ഷ്യപത്രം.
6. കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ് തൃശ്ശൂർ ജോയിന്റ് ഡയറക്ടറുടെ 24/06/2020 ലെ കെ.എസ്.എ.ടി .എസ്.ആർ. (എം) 405/2020 നമ്പർ കത്ത്, 06/10/2020 ലെ എസ്.എ.ടി.എസ്.ആർ. (എസ്1)-1004/20 നമ്പർ കത്ത്, 29/12/2020 ലെ കെ.എസ്.എ.ടി. എസ്.ആർ.എസ് 1-1386/20 നമ്പർ കത്ത് എന്നിവ.
7. ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA(EKM) 1211/2018 നമ്പർ കേസിൽ 25/11/2020 തീയതിയിൽ പ്രസ്താവിച്ച ഉത്തരവ്.
8. ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA(EKM) 1211/2018 നമ്പർ കേസിൽ 17/02/2021 തീയതിയിൽ പ്രസ്താവിച്ച ഉത്തരവ്.
9. ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ OA(EKM) 1211/2018 നമ്പർ കേസിൽ 10/03/2021 തീയതിയിൽ പ്രസ്താവിച്ച ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി നഗരസഭയിൽ ഉൾപ്പെട്ട ഗവ:ഹൈസ്കൂൾ

വി.ആർ.പുരം, ഗവ: ഗേൾസ് ഹൈസ്കൂൾ ചാലക്കുടി എന്നിവിടങ്ങളിൽ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി. എം.ശോഭന ( റിട്ട.)യുടെ തടഞ്ഞുവെച്ചിട്ടുള്ള ഡി.സി.ആർ.ജി. അനുവദിക്കുന്നതിന് നടപടിയുണ്ടാകണമെന്നാവശ്യപ്പെട്ടുകൊണ്ട് ടി അദ്ധ്യാപിക സർക്കാരിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

2) 2013-14 വർഷത്തെ ചാലക്കുടി നഗരസഭയിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം പ്രകാരം 3.26 - സമഗ്രവിദ്യാഭ്യാസപദ്ധതിയിലെ അപാകതയിലുള്ള 2,00,000/- രൂപ (രൂപ രണ്ട് ലക്ഷം മാത്രം), 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം 3.16 - വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതിയിലെ അപാകത അനുസരിച്ചുള്ള 4,00,000/- രൂപ (രൂപ നാല് ലക്ഷം മാത്രം), 2016-17 വർഷത്തെ ഓഡിറ്റ് പരാമർശം 3.24(1) - പ്രകാരം പ്രോജക്ടിൽ നിന്നും ശമ്പളയിനത്തിൽ തുക ചെലവഴിച്ചത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായതിനാൽ 2,82,401/- രൂപ (രൂപ രണ്ടു ലക്ഷത്തി എൺപത്തി രണ്ടായി നാന്നൂറ്റി ഒന്ന് മാത്രം) എന്നീ ചെലവുകൾ ഉൾപ്പെടെ ആകെ 8,82,401/- രൂപ ( രൂപ എട്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാന്നൂറ്റി ഒന്ന് മാത്രം) സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തുകയുണ്ടായി. 30/04/2017 ൽ സർവീസിൽ നിന്നും റിട്ടയർ ചെയ്ത ശ്രീമതി.ശോഭന നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ പ്രസ്തുത പ്രോജക്ടുകൾ ക്രമരഹിതമാകയാലാണ് ടിയാളുടെ ബാധ്യതാരഹിതപത്രം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും നല്കാൻ കഴിയാതിരുന്നതും അത് ടിയാളുടെ ഡി.സി.ആർ.ജി തടയപ്പെടുന്നതിലേയ്ക്കും നയിച്ചത്.

3) ഇതിനിടെ തടഞ്ഞു വെയ്ക്കപ്പെട്ട ഡി.സി.ആർ.ജി വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി. ശോഭന ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ OA(EKM) നമ്പർ 1211/18 പ്രകാരം ഹർജി ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത ഹർജിയിൽ സർക്കാരിലെ പൊതു വിദ്യാഭ്യാസ വകുപ്പിനെയാണ് ടിയാളുടെ മാതൃവകുപ്പ് എന്ന നിലയിൽ കക്ഷി ചേർത്തത്. പ്രസ്തുത ഹർജിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിനെ കക്ഷി ചേർത്തിരുന്നില്ലെന്ന് മാത്രമല്ല ഇതുമായി ബന്ധപ്പെട്ട യാതൊരു വിവരവും വകുപ്പിന് ലഭിച്ചതുമില്ല.

4) 25.11.2020 -ലെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ പരാമർശം (7) പ്രകാരമുള്ള ഉത്തരവ് അനുസരിച്ച്, സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടും സ്പഷ്ടീകരണവും പരിശോധിച്ച് ഹർജിക്കാരിയുടെ ബാദ്ധ്യത ഒഴിവാക്കാനുള്ള തീരുമാനം കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ച് ഒന്നാം കക്ഷിയായ പൊതു വിദ്യാഭ്യാസ വകുപ്പിനെ ചുമതലപ്പെടുത്തുകയുണ്ടായി. തുടർന്ന് 25/11/2020 ലെ ഉത്തരവ് പൊതു വിദ്യാഭ്യാസ വകുപ്പതലത്തിൽ നടപ്പാക്കപ്പെടാത്തതിനാൽ 17/02/2021 ലെ കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ സ്വമേധയാ ഈ കേസിൽ 9-ാം എതിർകക്ഷിയാക്കുകയും പ്രസ്തുത വിധി രണ്ടാഴ്ച്ചയ്ക്കകം നടപ്പിലാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുകയുമുണ്ടായി.

5) തദ്ദേശ സ്വയംഭരണ വകുപ്പിനെ സ്വമേധയാ കക്ഷി ചേർത്ത് വിധിപ്രസ്താവം നടത്തിയതിനാലും കേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളൊന്നും വകുപ്പിന് ലഭ്യമല്ലാത്തതിനാലും ഉത്തരവ് നടപ്പിലാക്കുന്നതിന് മതിയായ സമയം ലഭിക്കാത്തതിനാലും വിധിയിലെ നിർദ്ദേശം നടപ്പാക്കാൻ സാവകാശം വേണമെന്നാവശ്യപ്പെട്ട് സർക്കാർ ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിക്കുകയുണ്ടായി. പ്രസ്തുത ആവശ്യം പരിഗണിച്ച് പരാമർശം (9) മുഖേന പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം, ചാലക്കുടി നഗരസഭ പരാതിക്കാരിയുടെ ബാധ്യതയായി നിശ്ചയിച്ച 2,82,401/- രൂപ (രൂപ രണ്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാനൂറ്റി ഒന്ന് മാത്രം) കിഴിച്ച് ടിയാളുടെ ഡി.സി.ആർ.ജി 03.04.2021 -ന് മുൻപായി അനുവദിക്കണമെന്നും ട്രൈബ്യൂണൽ വിധി നടപ്പിലാക്കിയ വിവരം 09/04/2021 നകം അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പ്, നഗരകാര്യ ഡയറക്ടറേറ്റ് തുടങ്ങിയ കാര്യാലയങ്ങളിലെ ടി വിഷയത്തിലെ റിപ്പോർട്ടുകൾ പരിശോധിച്ചതിൽ വിവിധ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ 8,82,401/- (രൂപ എട്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാനൂറ്റി ഒന്ന് മാത്രം) രൂപയുടെ ബാധ്യതയാണ് അപേക്ഷകയ്ക്കെതിരെയുള്ളതെന്ന് കാണുന്നു. ആയതിൽ ചാലക്കുടി നഗരസഭ

ബാധ്യതയായി സർട്ടിഫിക്കറ്റ് നല്കിയ 2,82,401/- രൂപ (രൂപ രണ്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാനൂറ്റി ഒന്ന് മാത്രം) ശ്രീമതി. ശോഭനയുടെ ബാധ്യതയായി ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ തന്നെ നിശ്ചയിച്ചിട്ടുള്ളതിനാൽ ടി തുക ബാധ്യതയായി കണക്കാക്കിയും ഓഡിറ്റ് പരാമർശപ്രകാരം തടഞ്ഞുവയ്ക്കപ്പെട്ട മറ്റ് പ്രോജക്ടുകളുടെ തുകയായ 6,00,000/- രൂപ (രൂപ ആറു ലക്ഷം മാത്രം) യുടെ ബാധ്യത, മേൽ ഓഡിറ്റ് പരാമർശങ്ങളിൽ സർക്കാർ എടുക്കുന്ന തീരുമാനത്തിന് അനുസൃതമായിരിക്കുമെന്ന നിബന്ധനയോടെ ശ്രീമതി ശോഭനയുടെ ഡി.സി.ആർ.ജി യുടെ കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് കാണുന്നു. മേൽസാഹചര്യത്തിൽ ചാലക്കുടി നഗരസഭ നിലവിൽ ബാധ്യതയായി തീരുമാനിച്ച് അറിയിച്ചിട്ടുള്ളതും ട്രൈബ്യൂണൽ അംഗീകരിച്ചതുമായ 2,82,401/-രൂപ (രൂപ രണ്ടു ലക്ഷത്തി എൺപത്തി രണ്ടായിരത്തി നാനൂറ്റി ഒന്ന് മാത്രം), റിട്ട. പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി.എം.ശോഭനയുടെ അർഹതപ്പെട്ട ഡി.സി.ആർ.ജി യിൽ നിന്നും കിഴിച്ച് ബാക്കി തുക നല്കുന്നതിന് സർക്കാരിലെ തദ്ദേശ സ്വയംഭരണ വകുപ്പിന് വിസമ്മതമില്ലെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു. ഒപ്പം ബാക്കി വരുന്ന 6,00,000/-രൂപ (രൂപ ആറു ലക്ഷം മാത്രം) യുടെ ബാധ്യത, മേൽ ഓഡിറ്റ് റിപ്പോർട്ടുകളിൻമേലുള്ള സർക്കാരിൻെറ പരിശോധനയുടെയും സാധൂകരണ തീരുമാനത്തിൻെറയും അന്തിമ തീർപ്പിന് വിധേയമായിരിക്കുമെന്നും വ്യക്തമാക്കി ഉത്തരവാകുന്നു.

7) മേൽ ഓഡിറ്റ് പരാർശങ്ങളിൽ സാധൂകരണം നല്കുന്നത് സംബന്ധിച്ചും ടിയാളുടെ ബാധ്യത സംബന്ധിച്ചുമുള്ള അന്തിമ തീരുമാനം 02/06/2021 നകം വിശദമായി പരിശോധിച്ച് സർക്കാർ തീരുമാനിക്കുന്നതാണ്. വിഷയത്തിൻെറ സാധുത പരിശോധിച്ച് ഓരോ പ്രോജക്ടിൻെറയും സാധൂകരണസാധ്യത കണക്കാക്കി തീരുമാനമെടുക്കുന്ന മുറയ്ക്ക് ടിയാളുടെ ബാധ്യത അന്തിമമായി നിർണ്ണയിക്കുന്നതും നിലവിൽ തടഞ്ഞുവച്ചിട്ടുള്ള ബാധ്യതാതുകയ്ക്കപ്പുറം ടിയാൾക്ക് ബാധ്യതയുണ്ടെന്ന് കാണുന്ന പക്ഷം ടി തുകയും നിലവിലുള്ള നിയമമനുസരിച്ച് ഈടാക്കുന്നതിനുള്ള നിയമാനുസൃത നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. ഇതിൻെറയടിസ്ഥാനത്തിൽ ശ്രീമതി.ശോഭനയ്ക്ക് തടഞ്ഞുവയ്ക്കപ്പെട്ട ഡി.സി.ആർ.ജി

ലഭിക്കാനുതകുംവിധം ബാധ്യതാരഹിത പത്രം ടിയാളുടെ മാതൃവകുപ്പായ പൊതു വിദ്യാഭ്യാസ വകുപ്പ് നല്കേണ്ടതാണ്.

8) ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൻെറ പരാമർശം (9) പ്രകാരമുള്ള ഉത്തരവ് ടി വിധത്തിൽ നടപ്പാക്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ശാരദാ മുരളീധരൻ ഐഎഎസ്**
**(അഡീഷണൽ ചീഫ് സെക്രട്ടറി)**

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി ,പൊതുവിദ്യാഭ്യാസ വകുപ്പ് (സത്വരമായ തുടർനടപടികൾക്കായി).
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
5. സെക്രട്ടറി, ചാലക്കുടി നഗരസഭ,തൃശ്ശൂർ
6. ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസ വകുപ്പ്, തൃശ്ശൂർ
7. ശ്രീമതി.എം. ശോഭന, കനകപറമ്പിൽ ഹൗസ്, മുരിങ്ങൂർ പി.ഒ, തൃശ്ശൂർ-680309
8. ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
9. വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ്
10. സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**